**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4861</u> <u>22.03.2018 -ൽ മറുപടിക്ക്</u>

## വിനോദസഞ്ചാര മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| വിനോദസഞ്ചാര മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; നിലവിലെ സംവിധാനങ്ങൾ അപര്യാപ്ത മാണെന്ന് സർക്കാർ കരുതുന്നതിന് കാരണമെന്തെന്ന് അറിയിക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും ഡയറക്ടർ തലത്തിലും കാലാകാല ങ്ങളിൽ നടത്തി വരുന്നു.<br>ഓരോ മൂന്ന് മാസത്തിലൊരിക്കൽ ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും, പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട |

റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എൻജിനീയർ മാർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പു വരുത്തിയിട്ടുണ്ട്.

അതാത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തി യിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാന ത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൾ പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പദ്ധതി വിലയിരുത്തൽ കാര്യക്ഷമ മായതിനാൽ നിലവിലെ സംവിധാനങ്ങൾ അപര്യാപ്ത മാണെന്ന് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ